# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2306      18.02.2016 - ൽ മറുപടിക്ക്

**<u>ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാർക്കുള്ള ട്രെയിനിംഗ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ജെ.പി.എച്ച്.എൻ-I തസ്തികയിൽ സീനിയോരിറ്റി ലിസ്റ്റിലെ 3182 മുതൽ 3726 വരെയുള്ളവരിൽ നിന്നും 100 പേർക്ക് എൽ.എച്ച്.ഐ. ട്രെയിനിംഗ് നൽകുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ; | എ) | ഒന്നാം ഗ്രേഡ് ജെ.പി.എച്ച്.എൻ മാരുടെ സീനിയോരിറ്റി ലിസ്റ്റിലെ 3182 മുതൽ 3726 വരെയുള്ള 100 പേരെ എൽ.എച്ച്.ഐ ട്രെയിനിംഗിനായി 30.10.2015-ലെ എം.സി.346055/2015/ ആ.വ.ഡ നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ നിയോഗിച്ചിരുന്നു. |
| ബി) | എങ്കിൽ ട്രെയിനിംഗ് താത്കാലികമായി റദ്ദുചെയ്യുന്നതിനുള്ള കാരണം വിശദമാക്കാമോ; | ബി) | ഒ.എ.961/2015 പ്രകാരം ശ്രീമതി.ഉഷ.ബി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗ് താൽക്കാലികമായി തടഞ്ഞുവച്ചിട്ടുള്ളത്. |
| സി) | ഇതു സംബന്ധിച്ച് പരാതി കോടതിയുടെ പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ; | സി) | ഇതു സംബന്ധിച്ച പരാതി ഒ.എ.961/2015 പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി സർക്കാർ പരിശോധിച്ച് വരുന്നു. |
| ഡി) | എങ്കിൽ പരാതി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ; | ഡി) & ഇ) | ഒ.എ.961/2015 ഫയൽ ചെയ്തിട്ടുള്ള കക്ഷികളുടെ പൂർണ്ണമായ സേവന വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായാലുടൻ തന്നെ സർക്കാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | ട്രെയിനിംഗും തുടർന്നുള്ള പ്രൊമോഷനും കാത്തിരിക്കുന്നവരിൽ ബഹുഭൂരിപക്ഷവും റിട്ടയർമെന്റിന് അടുത്തെത്തിയിരിക്കുന്നവരായതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | | |

സെക്ഷൻ ഓഫീസർ